# കേരള സർവകലാശാല വിദ്യാർത്ഥി യൂണിയൻ/സെനറ്റ് തെരഞ്ഞെടുപ്പ്

# വോട്ടർമാർക്കുള്ള അറിയിപ്പ്

**കേരള സർവകലാശാല വിദ്യാർത്ഥി യൂണിയൻ/സെനറ്റ് എന്നിവയിലേക്ക് 25.05.2026-ൽ നടക്കുന്ന തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വോട്ടർമാർക്കുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:**

1. 28.02.2026-ൽ പ്രസിദ്ധീകരിച്ചിട്ടുള്ള വോട്ടർ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള, 1 മുതൽ 181 വരെയുള്ള വോട്ടർമാർക്ക്, കേരള സർവകലാശാല വിദ്യാർത്ഥി യൂണിയൻ തെരഞ്ഞെടുപ്പിൽ തങ്ങളുടെ വോട്ടവകാശം വിനിയോഗിക്കാവുന്നതാണ്.

2. 24.02.2026-ൽ പ്രസിദ്ധീകരിച്ചിട്ടുള്ള വോട്ടർ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള 1 മുതൽ 180 വരെയുള്ള വോട്ടർമാർക്ക്, സെനറ്റിലേക്കുള്ള വിദ്യാർത്ഥി പ്രതിനിധികളുടെ തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാവുന്നതാണ്.

3. പ്രസ്തുത തെരഞ്ഞെടുപ്പുകളിൽ വോട്ടവകാശം വിനിയോഗിക്കുന്നതിനായി, വോട്ടർമാർ സർവകലാശാല ജനറൽ കൗൺസിൽ അംഗങ്ങൾക്ക് വിതരണം ചെയ്തിട്ടുള്ള ഐഡന്റിറ്റി കാർഡ് ഹാജരാക്കേണ്ടതാണ്.

4. പോളിംഗ് പ്രക്രിയ നടക്കുന്ന സെനറ്റ് ഹാളിലേക്ക് മത്സരാർത്ഥികൾ/അവരുടെ പ്രതിനിധികളായ വോട്ടർ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള വ്യക്തികൾ എന്നിവർക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളൂ. പ്രസ്തുത സ്ഥലങ്ങളിലേക്കുള്ള മത്സരാർത്ഥികളുടെ പ്രതിനിധികളുടെ പ്രവേശനം പാസ്മൂലം ക്രമീകരിച്ചിരിക്കുന്നു. പ്രവേശന പാസ് അനുവദിച്ച് കിട്ടുന്നതിനുള്ള മത്സരാർഥിയുടെ അപേക്ഷ 23.05.2026 ന് വൈകുന്നേരം 05.00 മണിക്ക് മുമ്പ് നേരിട്ടോ ഇമെയിൽ (election@keralauniversity.ac.in) മുഖേനയോ സർവകലാശാല ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

പ്രസ്തുത അപേക്ഷകൾ പരിശോധിച്ച്, പോളിംഗ് ബൂത്തിലേക്കുള്ള പ്രവേശന പാസ്, മത്സരാർത്ഥികളുടെ ഏജന്റിന്, 25.05.2026ന് രാവിലെ 9.45 ന്, തെരഞ്ഞെടുപ്പ് വേദിയുടെ പ്രവേശന കവാടത്തിൽ നിന്നും വിതരണം ചെയ്യുന്നതാണ്.

**5.** പോളിംഗ്/കൗണ്ടിംഗ് ഹാളിൽ പ്രവേശിക്കുന്നതിനായി കേരള സർവകലാശാല യൂണിയൻ തെരഞ്ഞെടുപ്പിലേക്കുള്ള മത്സരാർത്ഥികൾ സർവകലാശാല ജനറൽ കൗൺസിൽ അംഗങ്ങൾക്ക് വിതരണം ചെയ്തിട്ടുള്ള ഐഡന്റിറ്റി കാർഡും സെനറ്റ് തെരഞ്ഞെടുപ്പിലേക്കുള്ള മത്സരാർത്ഥികൾ, കോളേജ് ഐഡന്റിറ്റി കാർഡ് / സർവകലാശാല ജനറൽ കൗൺസിൽ അംഗങ്ങൾക്ക് വിതരണം ചെയ്തിട്ടുള്ള ഐഡന്റിറ്റി കാർഡ് ഹാജരാക്കേണ്ടതാണ്.

പ്രസ്തുത തെരഞ്ഞെടുപ്പുകളിലേക്കുള്ള മത്സരാർത്ഥികളുടെ ഏജന്റുമാർ സർവകലാശാല ജനറൽ കൗൺസിൽ അംഗങ്ങൾക്ക് വിതരണം ചെയ്തിട്ടുള്ള ഐഡന്റിറ്റി കാർഡ് ഹാജരാക്കേണ്ടതാണ്.

6. 25.05.2026-ന് ഉച്ചക്ക് 02.00 **മണിക്ക് കേരള സർവകലാശാല വിദ്യാർത്ഥി യൂണിയൻ തെരഞ്ഞെടുപ്പിലേക്കുള്ള വോട്ടെണ്ണലും** 4.30-ന് **സെനറ്റിലേക്കുള്ള വോട്ടെണ്ണലും ആരംഭിക്കുന്നതാണ്. കേരള സർവകലാശാല വിദ്യാർത്ഥി യൂണിയൻ തെരഞ്ഞെടുപ്പിലേക്കുള്ള വോട്ടെണ്ണൽ വൈകുന്ന പക്ഷം, പ്രസ്തുത വോട്ടെണ്ണൽ സമാപിക്കുന്ന മുറയ്ക്ക് സെനറ്റ് തെരഞ്ഞെടുപ്പിലേക്കുള്ള വോട്ടെണ്ണൽ പ്രക്രിയ ആരംഭിക്കുന്നതാണ്.**

7. **വോട്ടെണ്ണൽ പ്രക്രിയയുമായി** ബന്ധപ്പെട്ട് എന്തെങ്കിലും ആക്ഷേപം ഉന്നയിക്കുന്ന പക്ഷം, പ്രസ്തുത വ്യക്തി റിട്ടേർണിംഗ് ഓഫീസറെ സമീപിക്കേണ്ടതാണ്. വ്യക്തികൾ കൂട്ടമായി വരുന്നതോ, അനാവശ്യ തർക്കങ്ങളും ഇടപെടലുകളും സൃഷ്ടിക്കുന്നതോ വോട്ടെണ്ണൽ നിർത്തി വയ്ക്കുന്നതിലേക്കും തുടർന്ന് നിയമ നടപടി സ്വീകരിക്കുന്നതിലേക്കും നയിക്കുന്നതാണ്.

**8.** **പോളിംഗ്/കൗണ്ടിംഗ് നടക്കുന്ന** ഹാളിലേക്കുള്ള പ്രവേശനവും ഇതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളും ക്യാമറ നിരീക്ഷണത്തിലായിരിക്കും.

**9.** പോലീസിന്റെയും സെക്യൂരിറ്റി ജീവനക്കാരുടെയും നിർദ്ദേശങ്ങൾ മത്സരാർത്ഥികൾ / ഏജന്റുമാർ കർശനമായി പാലിക്കേണ്ടതാണ്.

**Sd/-**

**21.05.2026** **Registrar(i/c)/Returning Officer**